# ഗ്രാമ ന്യായാലയം, നാനാടം, വൈക്കം

**ഹാജർ :- കെ.എം. ദേവിക, ന്യായാധികാരി**

**തീയതി : 2026 ജനുവരി 19 , തിങ്കൾ**
**(29 പൗഷം , 1947)**

## സി.എം.പി. 01/2026 (എം.സി. 4 /2026)

| | | |
|---|---|---|
| ഹർജിക്കാർ | 1. | പ്രജിത വയസ്സ് 37 , W/o . സുമേഷ് മഴുപുന്നയിൽ വീട്, ചെമ്മനത്തുകര കര, ചെമ്മനത്തുകര PO ടി.വി പുരം പഞ്ചായത്ത്, ടി.വി.പുരം വില്ലേജ്, വൈക്കം താലൂക്ക്, കോട്ടയം ജില്ല. |
| | 2. | ഹർഷിത വയസ്സ് 12 (മൈനർ) , D/o . സുമേഷ് മഴുപുന്നയിൽ വീട്, ചെമ്മനത്തുകര കര, ചെമ്മനത്തുകര PO, ടി.വി പുരം പഞ്ചായത്ത്, ടി.വി.പുരം വില്ലേജ് , വൈക്കം താലൂക്ക്, കോട്ടയം ജില്ല. (ട്രിയാരിക്കു വേണ്ടി ഒന്നാം ഹർജിക്കാരി) |
| | 3. | ഇഷ, വയസ്സ് 4 , D/o . സുമേഷ് മഴുപുന്നയിൽ വീട്, ചെമ്മനത്തുകര കര, ചെമ്മനത്തുകര PO, ടി.വി പുരം പഞ്ചായത്ത്, ടി.വി.പുരം വില്ലേജ്, വൈക്കം താലൂക്ക്, കോട്ടയം ജില്ല. (ട്രിയാരിക്കു വേണ്ടി ഒന്നാം ഹർജിക്കാരി) |
| പ്രതിനിധീകരിക്കുന്നത് | : | അഡ്വ: സിന്ധുമോൾ.എസ്. |

GRAM NYAYALAYA
ഗ്രാമ ന്യായാലയ
VAIKOM, NANADAM - 686 143

| | | |
|---|---|---|
| എതൃകക്ഷി | 1 | സുമേഷ് വയസ്സ് 43 , S/o. രാജപ്പൻ മഴപ്പുന്നയിൽ വീട്, ചെമ്മനത്തുകര കര, ചെമ്മനത്തുകര PO, ടി.വി പുരം പഞ്ചായത്ത്, ടി.വി.പുരം വില്ലജ്, വൈക്കം താലൂക്ക്, കോട്ടയം ജില്ല. |
| വകുപ്പ് | : | ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005, 23-)o വകുപ്പ് പ്രകാരം ബോധിപ്പിക്കുന്ന ഹർജി. |
| നിവൃത്തി | : | ഹർജി ഭാഗികമായി അനുവദിച്ചിരിക്കുന്നു. |

ഈ ഹർജി 19.01.2026 ന് കേൾക്കുകയും ഇന്നേ ദിവസം തന്നെ ഈ കോടതി താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

## <u>ഉത്തരവ്</u>

ടി ഹർജി ഗാർഹിക പീഡന നിരോധന നിയമം സെക്ഷൻ 23(2) വകുപ്പ് പ്രകാരം ഫയൽ ചെയ്തിട്ടുള്ളതാകുന്നു.

2. ഹർജിക്കാരി ഹാജരായി. അഭിഭാഷകനാൽ പ്രതിനിധീകരിക്കപ്പെട്ടു. ഹർജിക്കാരി ഭാഗം വാദം കേട്ടു.

3. ടി ഒന്നാം ഹർജിക്കാരി ഗാർഹിക പീഡന നിരോധന നിയമം 2005 വകുപ്പ് 23(2) പ്രകാരം എതൃകക്ഷിക്ക് എതിരെ ബോധിപ്പിക്കുന്ന ഹർജി സത്യവാങ്മൂലം പരിശോധിച്ച് ഹർജിക്കാരി ഭാഗം വാദം കേട്ട് ഹർജിക്കാരി ഗാർഹിക പീഡന നിരോധന നിയമം 2005, വകുപ്പ് 2(a) യുടെ നിർവചനത്തിൽ വരുന്ന ആളാണെന്ന് കോടതിക്ക് ബോധ്യപ്പെട്ടിരുന്നു. ആയതിനാൽ ടി നിയമത്തിലെ വകുപ്പ് 23(2) പ്രകാരം ടി ഹർജിക്കാരിക്ക് പ്രഥമദൃഷ്ട്യാ ഹർജി പ്രകാരമുള്ള നിവർത്തികൾ

ലഭിക്കുന്നതിന് അർഹയാണെന്നും എതൃകക്ഷിക്ക് നോട്ടീസ് പോയി വരാനുള്ള കാലതാമസവും അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള കാലതാമസവും നീതി നിഷേധം ആയേക്കുമെന്ന അനുമാനത്തിൽ അടിയന്തിരമായി പുറപ്പെടുവിക്കുന്ന താൽക്കാലിക എക്സ്പാർട്ടി ഉത്തരവ് ആണിത്.

i. ഒന്നാം ഹർജിക്കാരിയെയും കുട്ടികളെയും മാനസികമായോ ശാരീരികമായോ ദേഹോപദ്രവം ഏൽപ്പിക്കുകയോ ഗാർഹിക പീഡനം ഏൽപ്പിക്കുകയോ ചെയ്യുന്നതിൽ നിന്നും, വകുപ്പ് 18(a) പ്രകാരം എതൃകക്ഷിയെ തടഞ്ഞ് ഇതിനാൽ ഉത്തരവാകുന്നു.

ii. ഒന്നാം ഹർജിക്കാരിയെയും കുട്ടികളെയും അവർ നിലവിൽ താമസിച്ച് വരുന്ന ടി വി പുരം പഞ്ചായത്തിലെ 3000 sq ft ഉള്ള മുഴുപുന്നയിൽ വീട്ടിൽ നിന്നും ഇറക്കി വിടരുത് എന്ന് വകുപ്പ് 19(a) പ്രകാരം എതൃകക്ഷിയോട് നിർദേശിച്ച് ഉത്തരവാകുന്നു.

iii. ഒന്നാം ഹർജിക്കാരിയും കുട്ടികളും നിലവിൽ താമസിക്കുന്ന പങ്ക് പറ്റുന്ന ഭവനം വിൽക്കുകയോ പണയപ്പെടുത്തുകയോ ചെയ്യരുത് എന്ന് വകുപ്പ് 19(d) പ്രകാരം എതൃകക്ഷിയോട് നിർദേശിച്ച് ഉത്തരവാകുന്നു.

iv. ഒന്നാം ഹർജിക്കാരി നടത്തി വരുന്ന കുട്ടികളുടെ ട്യൂഷൻ തടസ്സപ്പെടുത്തുന്നതിൽ നിന്നും എതൃകക്ഷിയെ തടഞ്ഞ് ഇതിനാൽ ഉത്തരവാകുന്നു.

v. ഈ ഉത്തരവിന്റെ പകർപ്പുകൾ ഹർജിക്കാർക്കും, പ്രൊട്ടക്ഷൻ ഓഫീസർക്കും, സ്റ്റേഷൻ ഹൗസ് ഓഫീസർ

GRAM NYAYALAYA
ഗ്രാമ ന്യായാലയ
വൈക്കം, നാനാടം - 686 143.
VAIKOM, NANADAM - 686 143

വൈക്കം, ബന്ധപ്പെട്ട SRO/ വില്ലേജ് ഓഫീസർ എന്നിവർക്കും നൽകുക. SHO വൈക്കം/ പ്രൊട്ടക്ഷൻ ഓഫീസർ ഈ ഉത്തരവ് എതൃകക്ഷിയെ അറിയിക്കേണ്ടതാണ്.

(ഇപ്രകാരം ഇത് ഞാൻ പറഞ്ഞുകൊടുത്ത് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്ത് ഞാൻ വായിച്ചുനോക്കി തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2026 ജനുവരി മാസം 19 ന് ഉത്തരവ് പ്രസ്താവിച്ചിരിക്കുന്നു).

(ഒപ്പ്/-)
കെ.എം. ദേവിക
ന്യായാധികാരി
ഗ്രാമ ന്യായാലയം, നാനാടം, വൈക്കം

//ശരി പകർപ്പ്//

ന്യായാധികാരി
ഗ്രാമ ന്യായാലയം, നാനാടം, വൈക്കം

ഇതിലേക്ക് പകർത്തുക :-

1. പ്രൊട്ടക്ഷൻ ഓഫീസർ
2. S H O, വൈക്കം
3. പരാതിക്കാരി
4. എതൃകക്ഷി
5. ബന്ധപ്പെട്ട SRO
6. വില്ലേജ് ഓഫീസർ വൈക്കം